പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4328 | 24.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ഗൃഹനാഥരായ വനിതകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>,, പി.കെ.അബ്ദു റബ്ബ്<br>,, എം.ഉമ്മർ<br>,, അബ്ദുൽ ഹമീദ് പി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഗൃഹനാഥരായ വനിതകളുടെ മക്കൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസ ധനസഹായം അനർഹർ തട്ടിയെടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഈ വിഷയത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ധനസഹായത്തിന് അപേക്ഷിക്കുന്നതിനും പ്രോസസ് ചെയ്യുന്നതിനും നിലവിലുള്ള നടപടി ക്രമത്തിൽ എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് നടപ്പ് സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച കണ്ടെത്തുന്ന പക്ഷം ടി ഉദ്യോഗസ്ഥരുടെ മേൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ